15 -ാം കേരള നിയമസഭ

13 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3244 **11-03-2025 - ൽ മറുപടിയ്ക്ക്**

ചവറ ഗവ. ഗേൾസ് എച്ച്. എസ്സ്-ന് ലഭിച്ച സംഭാവനകൾ

ചോദ്യം		ഉത്തരം	
ഡോ. സുജിത് വിജയൻപിള്ള		ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)	
(എ)	ചവറ നിയോജക മണ്ഡലത്തിലെ ചവറ ഗവ. ഗേൾസ് എച്ച്.എസ്സ്-ൽ 2023-24, 2024-25 വർഷങ്ങളിൽ ലഭ്യമായിട്ടുള്ള സംഭാവനകളുടെ വിവരങ്ങൾ അറിയിക്കുമോ;	(എ)	ചവറ ഗേൾസ് എച്ച്.എസ് -ൽ 2023-24, 2024-25, വർഷങ്ങളിൽ ലഭ്യമായിട്ടുള്ള സംഭാവനകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

Purpose	Amount	Donor	Year
VIJAYOLSAVAM	20000/-	KMML	2023
Ground Cleaning	42000/-	KMML	2023
MIKE Repairing	3700/-	KMML	2023
Noonmeal Utensils	4597/-	KMML	2023
Interlock	161700/	IREL	2023
Archery	71400/-	IREL	2023
VIJAYOLSAVAM	10000/-	KMML	2024
Summer Camp	20000/-	KMML	2024
School Surroundings Cleaning by JCB	20000/-	KMML	2024
മഴക്കാലപൂർവ്വ ശുചീകരണം	20000/-	KMML	2024
Auditorium Renovation	1015793/-	KMML	2024
NIL	NIL	NIL	2025

(ബി)	സംഭാവനകൾ നൽകിയ വ്യക്തി/സ്ഥാപനം, ലഭിച്ച തുക, ആരുടെ പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിച്ചത്, ചെലവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കുമോ;	(ബി)	സംഭാവനകൾ നൽകിയ വ്യക്തി സ്ഥാപനം ലഭിച്ച തുക ചെലവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

Purpose	Amount	Donor	Year
VIJAYOLSAVAM	20000/-	KMML	2023
Ground Cleaning	42000/-	KMML	2023

MIKE Repairing	3700/-	KMML	2023
Noonmeal Utensils	4597/-	KMML	2023
Interlock	161700/	IREL	2023
Archery	71400/-	IREL	2023
VIJAYOLSAVAM	10000/-	KMML	2024
Summer Camp	20000/-	KMML	2024
School Surroundings Cleaning by JCB	20000/-	KMML	2024
മഴക്കാലപൂർവ്വ ശുചീകരണം	20000/-	KMML	2024
Auditorium Renovation	1015793/-	KMML	2024
NIL	NIL	NIL	2025

ടി തുകകൾ പി.ടിഎ അക്കൗണ്ടിലേക്കാണ് ലഭിച്ചിട്ടുള്ളത്. ചെലവ് സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി)	അവധി സമയങ്ങളിൽ സ്കൂളിൽ നടത്തിയിട്ടുള്ള പരിപാടികൾ (പരിശീലന പരിപാടികൾ ഉൾപ്പെടെ) ഏതൊക്കെയാണെന്ന് അറിയിക്കുമോ; സ്കൂൾ വിട്ടുനൽകിയതിന് സംഭാവനകൾ വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപ, ഏത് അക്കൗണ്ടിലാണ് വരവ് ചെയ്തിട്ടുള്ളത്; ടി പരിപാടികളിൽ അനുമതി ആവശ്യമുള്ളവയ്ക്ക് ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽ നിന്നും അനുമതി വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ;	(സി)	സമ്മർ ക്യാമ്പ്(സ്പോർട്ട്സ്)-ഏപ്രിൽ-2024-20000/-രൂപ കെ.എം.എം.എൽ നൽകിയിട്ടുണ്ട്. പ്രസ്തുത തുക പി.റ്റി.എ അക്കൗണ്ടിൽ നിക്ഷേപിച്ചു. പി.റ്റി.എ കൂടി തീരുമാനിച്ചാണ് ക്യാമ്പ് നടത്തിയത്. പി.റ്റി.എ മിനിറ്റ്സ് അനുബന്ധം 1ആയി ചേർക്കുന്നു.
(ഡി)	സ്കൂൾ പി.ടി.എ. ഫണ്ട് ഏത് വർഷം വരെ ഓഡിറ്റ് നടന്നിട്ടുണ്ട്; ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?	(ഡി)	2022 മാർച്ച് 31 വരെ ഓഡിറ്റ് നടത്തിയിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ട് ഇതോടൊപ്പം അനുബന്ധം 2 ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

നോട്ടീസ്

4/4/24 വ്യാഴാഴ്ച രാവിലെ 10.0
PTA യോഗം കൂടാൻ തീരുമാനിച്ചു. അംഗങ്ങൾ
കൃത്യമായി എത്തിച്ചേരണമെന്ന് അറിയിക്കുന്നു.

അജണ്ട

1. സ്കോളർഷിപ്പ് സംബന്ധിച്ച്
2. മറ്റ് അത്യാവശ്യ കാര്യങ്ങൾ

പങ്കെടുത്തവർ

1. Sheenamole. N
2. Bindu Kumari G.S
3. Kavya Prakash
4. Girija
6. Rajendran S.
(6) SAJEEV.K
7. ജ്യോതി, വി.എം.
8. അനിൽകുമാർ. എ.ടി
9. Sunitha K
10. Mini K.S
11. Saritha. S
12. Subha T.D (HM)
13. Raji R (PTA president)

<u>തീരുമാനങ്ങൾ</u>

1. 8/4/24 മുതൽ 19/4/24 വരെയുള്ള 10 ദിവസത്തെ സമ്മർ ക്യാമ്പിന് ആവശ്യമായ ധനസമാഹരണം നടത്തുന്നതിന് വേണ്ടി വിവിധ സംഘടനകളേയും സ്ഥാപനങ്ങളേയും വ്യക്തികളേയും കാണാൻ തീരുമാനിച്ചു.

2. അധ്യാപകരുടെയും പി ടി എ യുടെയും ശക്തമായ ഇടപെടൽ ഉണ്ടാകണമെന്ന തീരുമാനമെടുത്തു.

3. സമ്മർ ക്യാമ്പ് നടത്തുന്നതിന്റെ ഭാഗമായി KMML-ൽ നിന്നും അനുവദിച്ച 20000/- രൂപ ബാങ്കിൽ നിന്നും withdrawl ചെയ്യാൻ തീരുമാനിച്ചു.

4. 20000 രൂപയിൽ മേലെ വരുന്ന ചെലവുകൾ സ്റ്റാഫ് ഫണ്ടിൽ നിന്നും എടുക്കാൻ തീരുമാനിച്ചു.

ചവറ എസ്.ബി.ഐ. ശാഖയിൽ പ്രഥമാദ്ധ്യാപികയുടെയും പി.റ്റി.എ. പ്രസിഡന്റിന്റെയും പേരിലുള്ള 67039663172 നമ്പര് ബാങ്ക് അക്കൌണ്ട് മുഖാന്തിരം സാമ്പത്തിക ഇടപാടുകള് നടത്തി വരുന്നു.

01.04.19 ലെ ഓപ്പണിംഗ് ബാലൻസ് – 7165.75 /- രൂപ

A. പി.റ്റി.എ. രസീത് ബുക്കുകൾ പ്രകാരം വരവ്

പി.റ്റി.എ. ബഡ്ജറ്റ് &മിനിറ്റ്സ് ബുക്ക് പരിശോധിച്ചതിൽ 15.07.19 ലെ മിനിട്ട്സ് തീരുമാനം പ്രകാരം അഞ്ച്, ആറ്, ഏഴ് ക്ലാസ്സുകളിൽ നിന്നും 50/- രൂപ വീതവും എട്ട്, ഒൻപത്, പത്ത് ക്ലാസ്സുകളിൽ നിന്നും 100/- രൂപ വീതവും പിരിക്കുവാന് തീരുമാനിച്ചതായി കാണുന്നു.

ആഡിറ്റ് കാലയളവിൽ പരിശോധനയ്ക്ക് ഹാജരാക്കിയ രസീത് ബുക്കുകളിന് പ്രകാരം വരവ്

ബുക്ക് നമ്പർ	കൌണ്ടർ ഫോയിൽസ്	കാലയളവ്	തുക	റിമാർക്സ്
1	1-100	31.12.19-26.02.20	9850 /-	
2	101-200	26.02.20-08.09.20	9000 /-	
3	201-234	04.10.21-12.11.21	3400 /-	ശേഷിക്കുന്ന കൌണ്ടർഫോയിലുകള് കാൻസല് ചെയ്യേണ്ടതാണ്.
4	301-344	04.04.19-04.06.19	3350 /-	ശേഷിക്കുന്ന കൌണ്ടർഫോയിലുകള് കാൻസല് ചെയ്യേണ്ടതാണ്. ക്രമപ്രകാരം മാത്രം രസീത് ബുക്കുകൾ ഉപയോഗിക്കേണ്ടതാണ്.
3	201-300 ആയതിൽ 265-300	23.09.21-04.10.21	3400 /-	ബുക്ക് നം. 3 എന്ന് രേഖപ്പെടുത്തിയ രണ്ട് ബുക്കുകൾ കാണുന്നു. 201 മുതല് 261 വരെ രസീതുകൾ 20.08.18 ലും 262 മുതല് 264 വരെ രസീതുകൾ 26.11.18 ലും ഉപയോഗിച്ചിരിക്കുന്നു. 2018 കഴിഞ്ഞ് 3 വർഷത്തിന് ശേഷം 2021 ല് ആ രസീത് ബുക്കിന്റെ ശേഷിച്ച പേജുകൾ ഉപയോഗിച്ചിരിക്കുന്നു. ക്രമപ്രകാരമല്ലാതെ രസീത് ബുക്കുകൾ ഉപയോഗിച്ചതിന് കാരണം വിശദമാക്കുക.

ആകെ – 29,000 /- രൂപ

പി.റ്റി.എ. കാഷ്ബുക്ക് പ്രകാരം ആഡിറ്റ് കാലയളവിൽ 25,500 /- രൂപ മാത്രമാണ് പി.റ്റി.എ. ഫണ്ട് ഇനത്തിൽ പി.റ്റി.എ. അക്കൌണ്ടിൽ നിക്ഷേപിച്ചത് എന്ന് കാണുന്നു. ശേഷിച്ച 3500 /-രൂപ സംബന്ധിച്ച വിശദീകരണം നൽകേണ്ടതാണ്.

B. പലിശ ഇനത്തിൽ ലഭിച്ച വരവ് – 5199 /- രൂപ

C. മറ്റിനങ്ങളില് ലഭിച്ച വരവ്

Sl. No.	തിയതി	തുക	ക്യാഷ് ബുക്ക് പ്രകാരം ഇനം
1.	14.05.19	14,749 /-	ജില്ല പഞ്ചായത്തിൽ നിന്നും ലഭിച്ച ഫണ്ട്
2.	01.10.19	3,773 /-	Director of Treasuries deposit
3.	21.10.19	25,000 /-	KMML Contribution
4.	17.03.20	25,000 /-	KMML Contribution
5.	31.03.20	17,858 /-	NEFT Transfer
6.	08.09.20	20,000 /-	KMML deposit
7.	21.01.21	18,707 /-	NEFT Transfer
8.	21.01.21	5000 /-	NEFT Transfer
9.	03.03.21	20,000 /-	KMML Credited
10.	04.03.21	2410 /-	PSC Utility Charge
11.	05.03.21	2000 /-	PSC Utility Charge
12.	25.03.21	6113 /-	NEFT Transfer
13.	30.03.21	1000 /-	PSC Utility Charge
14.	02.04.21	1000 /-	PSC Utility Charge
15.	19.06.21	3,16,000 /-	KMML deposit
16.	30.06.21	29,905 /-	Deposited SSK transferred to PTA
17.	19.08.21	3790 /-	Deposit transfer
18.	16.09.21	25,000 /-	Transferred to PTA Account from SSK Account
19.	28.10.21	4,30,000 /-	Deposit by KMML
20.	23.11.21	4088 /-	NEFT Transfer
21.	19.01.22	20,000 /-	ക്യാഷ്ബുക്കിൽ രേഖപ്പെടുത്തലുകള് ഇല്ല.
22.	31.03.22	8920 /-	ക്യാഷ്ബുക്കിൽ രേഖപ്പെടുത്തലുകള് ഇല്ല.

ആകെ – 10,00,313 /- രൂപ

I)ക്രമ നം. 2,5,7,8,12,17,20 എന്നിവ Director of Treasuries deposit, NEFT Transfer തുകയാണെന്നാണ് ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഏത് ഇനത്തിൽ ലഭിച്ച തുകയാണെന്ന് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ക്യാഷ് ബുക്കിൽ ഇപ്രകാരം കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്താതിരിക്കുന്നത് ശരിയായ രീതിയല്ല. ഇനം കൃത്യമായി രേഖപ്പെടുത്തി ക്യാഷ് ബുക്ക് പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതാണ്.

II) ക്രമ നം. 3,4,6,9,15,19 എന്നിവയ്ക്ക് നേർക്ക് KMML deposit എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ എന്ത് കാര്യത്തിന് ലഭിച്ച തുകയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് തന്നെ ലഭിച്ച കാര്യത്തിന് തന്നെ ചെലവഴിച്ചോ എന്ന ഉറപ്പാക്കുവാൻ കഴിയുന്നില്ല.

III)ക്രമ നം. 10,11,13,14 എന്നിവ പി.എസ്.സി. യൂട്ടിലിറ്റി ചാർജ് ഇനത്തില് ലഭിച്ച 6410 /- രൂപ 0202-01-102-97(03) other receipts എന്ന ശീർഷകത്തില് ഒടുക്കി ചെല്ലാന്റെ പകർപ്പ് സമർപ്പിക്കേണ്ടതാണ്.

IV) ക്രമ നം. 21 ല് രേഖപ്പെടുത്തിയ 20,000 /- രൂപ 2021 SSLC പരീക്ഷയ്ക്ക് A+ നേടിയവർക്ക് സമ്മാനം നൽകുന്നതിനായി KMML ൽ നിന്നും നൽകിയതാണെന്നാണ് ആഡിറ്റ് വേളയിൽ അറിയിച്ചത്. ടി തുക അർഹതപ്പെട്ടവർക്ക് നൽകുവാന് എത്രയും വേഗം നടപടി സ്വീകരിക്കേണ്ടതും വിവരം ആഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

V) ക്രമ നം. 22 – ജില്ലാ പഞ്ചായത്തില് ബില്ലുകള് സമർപ്പിച്ചതിന് പ്രകാരം 25.02.22 ന് 5,552 /- രൂപയും 26.03.22 ന് 10,298 /- രൂപയും സ്കൂള് പ്രധമാദ്ധ്യാപികയുടെ അക്കൌണ്ടില് ക്രെഡിറ്റ് ചെയ്യുവെന്നും ആയതിൽ നിന്നും 8920 /- രൂപ ടി അക്കൌണ്ടില് നിന്നും പി.റ്റി.എ. അക്കൌണ്ടിലേക്ക് ട്രാൻസ്ഫര് ചെയ്യുവെന്നുമാണ് ആഡിറ്റ് വേളയില്

അറിയിച്ചത്. ആകെ ലഭിച്ച 15,850 /- രൂപയില് 8920 /- രൂപ മാത്രമാണ് തിരികെ ടി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത്. ശേഷിക്കുന്ന 6930 /- രൂപ പി.റ്റി.എ. അക്കൗണ്ടിൽ റീക്കൂപ്പ് ചെയ്യിട്ടില്ല. ടി തുക റീക്കൂപ്പ് ചെയ്ത് വിവരം ആഡിറ്റിൽ അറിയിക്കേണ്ടതാണ്. പി.റ്റി.എ. അക്കൗണ്ടിൽ നിന്നും തുക പിൻവലിച്ച് ഒടുക്കുന്ന ഇലക്ട്രിസിറ്റി ബിൽ, ടെലിഫോൺ ബില് തുടങ്ങിയവ പഞ്ചായത്തില് സമർപ്പിക്കുമ്പോള് ലഭിക്കുന്ന തുക കൃത്യമായി പി.റ്റി.എ.അക്കൗണ്ടിലേക്ക് വരവ് വയ്ക്കേണ്ടതാണ്.തുക റീക്കൂപ്പ് ചെയ്യുന്നതിന് പ്രഥമാദ്ധ്യാപികയുടെ അക്കൗണ്ട് ഒഴിവാക്കി പി.റ്റി.എ. അക്കൗണ്ടിന്റെ വിവരങ്ങൾ ഈ ഓഫീസിലെ 'എഫ്' സെക്ഷനിൽ അറിയിക്കേണ്ടതാണ്.

vi) 23.11.21,08.12.21 ൽ ചാർജ്ജ് കൈമാറുന്ന വേളയില് 4301 /- രൂപ cash in hand ആയി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി തുക പ്രഥമാദ്ധ്യാപികയുടെ ചാർജ് എടുത്ത ശ്രീമതി ജയയ്ക്ക് കൈമാറിയോ എന്ന് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം സമർപ്പിക്കേണ്ടതാണ്.

vii) 28.10.20 ല് പിൻവലിച്ച തുക ചെലവ് കഴിച്ച് 10,000 /- രൂപ 03.11.20 ന് തിരിച്ചടച്ചതാണ് എന്നാണ് ആഡിറ്റ് പരിശോധന വേളയിൽ അറിയിച്ചത്. ആകയാൽ ടി തുക വരവ് ഇനത്തിൽ കണക്കിലെടുത്തിട്ടില്ല. ക്യാഷ് ബുക്കിൽ cash deposit by self എന്നാണ് ഇനം രേഖപ്പെടുത്തിയിട്ടുള്ളത്. ഇനം കൃത്യമായി രേഖപ്പെടുത്തി ക്യാഷ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

എച്ച്.എം. അഡ്വാൻസ് = 24,148.50 /- രൂപ

D. ആകെ വരവ്= ഓപ്പണിംഗ് ബാലൻസ് + പി.റ്റി.എ. രസീത് ബുക്കുകൾ പ്രകാരം വരവ് +പലിശ + മറ്റിന വരവ്+ എച്ച്.എം. അഡ്വാൻസ്

= 7,165.75+29,000+5,199+10,00,313 + 24148.50 /- രൂപ

= <u>10,65,826.25 /- രൂപ</u>

ബില്ലുകളും വൌച്ചറുകളും പ്രകാരം ചെലവ് = 9,70,047.50 /- രൂപ

31.03.22 ൽ അക്കൗണ്ടില് ശേഷിക്കേണ്ട തുക = 10,65,826.25 - 9,70,047.50 /- രൂപ

= 95,778.75 /- രൂപ

ബാങ്ക് അക്കൗണ്ട് പ്രകാരം 87,800 /- രൂപ ശേഷിക്കുന്നു. ക്യാഷ് ബുക്ക് പൂർത്തീകരിച്ച് സമർപ്പിച്ചിട്ടില്ലാത്തതിനാൽ മേൽപ്പറഞ്ഞ തുക ശേഷിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ കഴിയുന്നില്ല.

<u>ബില്ലുകളുടെയും വൌച്ചറുകളുടെയും പരിശോധന</u>

ചെലവിന രേഖകൾക്ക് ഒന്നും തന്നെ ബില് നം. / വൌച്ചർ നം. രേഖപ്പെടുത്തിയിട്ടില്ല.

Sl. No.	തീയതി	തുക	ഇനം	റിമാർക്സ്
1.	04.07.19 12.03.20 13.05.20 13.05.20 25.06.21 25.06.21 16.08.21 06.09.21	200 /- 203 /- 2020 /- 414 /- 250 /- 199 /- 130 /- 398 /-	Telephone Charge Telephone Charge Current charge Telephone Charge Stationery Stationery Stationery Stationery	ചെലവിന രേഖ ഹാജരാക്കിയിട്ടില്ല. ഹാജരാക്കാത്ത പക്ഷം ടി തുക താങ്കളുടെ ബാദ്ധ്യതയായി നിശ്ചയിക്കുന്നതാണ്.

2.	18.12.19 21.01.20 21.01.20 15.02.20	17542 /- 2746 /- 2746 /- 300 /-	HMAdvance Recouped	HM Advance Recouped എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഏത് തീയതിയിൽ അഡ്വാൻസ് ചെയ്ത തുകയാണ് തിരികെ നൽകിയത് എന്നോ ആർക്ക് നൽകിയെന്നോ രേഖപ്പെടുത്തിയിട്ടില്ല. തുക കൈപ്പറ്റിയ വൌച്ചറും സമർപ്പിച്ചിട്ടില്ല. ടി തുകയുടെ വിനിയോഗത്തിൽ തടസ്സവാദം ഉന്നയിക്കുന്നു.
3.	02.06.20	5000 /-	Paninting	ചെലവിന രേഖ ഹാജരാക്കിയിട്ടില്ല. ഹാജരാക്കാത്ത പക്ഷം ടി തുക താങ്കളുടെ ബാദ്ധ്യതയായി നിശ്ചയിക്കുന്നതാണ്.
4.	28.10.20	14,750 /-	ക്ലാസ്സ് റൂം ചോർച്ച പരിഹരിക്കൽ	ക്ലാസ്സ് റൂം ചോർച്ച പരിഹരിക്കുന്നതിനായി സിമൻറ് വർക്ക് ചെയ്ത ഇനത്തില് ശ്രീ സുബാഷ് 8000 /- രൂപയും ഷീറ്റടിച്ച ഇനത്തിൽ ശ്രീ. മനോജ് 6500 /-രൂപയും കൈപ്പറ്റിയ വൌച്ചറുകൾ ഹാജരാക്കിയിരിക്കുന്നു. എത്ര പേർ എത്ര ദിവസം ജോലി ചെയ്തുന്നോ സാധന സാമഗ്രികളുടെ രേഖകളോ ഹാജരാക്കിയിട്ടില്ല.
5.	29.10.21	350 /-	Telephone Charge	234 /- രൂപയുടെ ബില്ല് ഹാജരാക്കിയിരിക്കുന്നു. തെറ്റായി തുക രേഖപ്പെടുത്തിയതിനാൽ ശേഷിക്കുന്ന 116 /- രൂപ തിരിച്ചടച്ച് രേഖ ഹാജരാക്കുക.

അപാകതകൾ

1. അദ്ധ്യാപക രക്ഷാകർതൃ സമിതിയുടെ വരവ് ചെലവ് കണക്കുകൾ ശരിയായ രീതിയിൽ പരിശോധിക്കുന്നില്ലായെന്നും വിദ്യാർത്ഥികളിൽ നിന്നും യഥേഷ്ടം തുകകൾ ക്രമപ്രകാരമല്ലാതെ വാങ്ങുകയും ചെലവഴിക്കുകയും ചെയ്യുന്നതായും നിരവധി പരാതികൾ ലഭിച്ച സാഹചര്യത്തിൽ റ്റി.ആർ5 മാതൃകയിലല്ലാത്ത എല്ലാ രസീത് ബുക്കുകളുടെയും ഉപയോഗം ഉടൻ പ്രാബല്യത്തിൽ നിർത്തലാക്കുവാൻ 22.11.18 ലെ എ.ഡബ്ല്യു(എ3)/7430/17/ഡി.പി.ഐ നമ്പർ സർക്കുലർ പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിച്ചിരുന്നു. മാത്രവുമല്ല ടി പരിപത്രത്തിലെ ഖണ്ഡിക 2 പ്രകാരം അദ്ധ്യാപക രക്ഷാകർതൃ സമിതി ഫണ്ട് പിരിക്കുന്നതിനായി റ്റി.ആർ5 രസീത് മാതൃകയിൽ ഇരുവശവും കാർബൺ പേപ്പർ ഉപയോഗിച്ച് തയ്യാറാക്കാവുന്നതും അസ്സൽ പ്രതി ബുക്കിൽ സൂക്ഷിച്ച് പകർപ്പ് വിതരണത്തിന് ഉപയോഗിക്കാവുന്നതുമായ തരത്തിലുള്ള രസീത് ബുക്കുകൾ പ്രിന്റ് ചെയ്ത് സൂക്ഷിക്കേണ്ടതുമാണ് എന്നും ഇത്തരം രസീത് ബുക്കുകൾ സെൻട്രലൈസ്ഡ് നമ്പറിംഗ് നടത്തി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് മാത്രം ഉപയോഗിക്കേണ്ടതുമാണെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിച്ചിരുന്നു. പി.റ്റി.എ രസീത് ബുക്കുകൾ ടി സർക്കുലറിൽ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ റ്റി.ആർ.5 മാതൃകയിലല്ല തയ്യാറാക്കിയിട്ടുള്ളത്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.
2. 08.12.21 ന് ചാർജ്ജ്കൈമാറിയ വേളയില് Not given PTA cash book. Hence not verified. Without PTA cash book took charge എന്ന് രേഖപ്പെടുത്തി ശ്രീമതി ജയ ചാർജ്

211/2022/TAPAL/DDEKLM
17 26/2022

[illegible]ത്തിരിക്കുന്നു. അതിന് ശേഷം ചെലവായ തുകകൾ പ്രത്യേകം രജിസ്റ്ററില് രേഖപ്പെടുത്തി വച്ചിരിക്കുന്നു. ആയതിൽ വരവ് രേഖപ്പെടുത്തിയിട്ടുമില്ല. പി.ടി.എ. ക്യാഷ് ബുക്ക് പൂർത്തീകരിച്ച് ആഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദീകരണം സഹിതം ക്യാഷ് ബുക്ക് പൂർത്തീകരിച്ച് പരിശോധനയ്ക്ക് ഹാജരാക്കുക.

3. HM Advance Recouped എന്നെഴുതി തുകകൾ പിൻവലിച്ചിരിക്കുന്നു. എന്നാൽ ഏതൊക്കെ ബില്ലുകൾ ആണ് അഡ്വാൻസ് ചെയ്തതെന്ന് രേഖപ്പെടുത്തിയിട്ടില്ല.HM Advance ചെയ്ത തുകകളുടെ നേർക്ക് അപ്രകാരം എഴുതാതിരുന്നതിനും അക്കൗണ്ടില് തുക ഉണ്ടായിരിക്കെ HM Advance ചെയ്യേണ്ടതിന്റെ ആവശ്യകതയും വിശദമാക്കുക.
4. ആഡിറ്റ് കാലയളവിൽ പി.ടി.എ. സമിതി ആഡിറ്റ് നടത്തിയതിന്റെ രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.